(ബി)&(സി) സ്വീകരിച്ചിട്ടുണ്ട്. പേ വാർഡിൽ രോഗികളെ അഡ്മിറ്റ് ചെയ്യണമെന്നുള്ള നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും നൽകിയിട്ടുണ്ട്.

എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികൾ

15 (*161)ശ്രീ. യു.എസ്. ശശി :

ശ്രീ. ജോസ് ബേബി :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എത്ര പഞ്ചായത്തുകളിൽ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും സമയബന്ധിതമായി ഇവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) എട്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു അലോപ്പതി സ്ഥാപനമെങ്കിലും ഉണ്ടായിരിക്കണമെന്നതായിരുന്നു ഗവൺമെന്റിന്റെ നയം.

(ബി) സംസ്ഥാനത്തെ രണ്ട് പഞ്ചായത്തുകൾ ഒഴികെ എല്ലാ പഞ്ചായത്തുകളിലും അലോപ്പതി സ്ഥാപനങ്ങൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് 667 പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികളോ ആശുപത്രികളോ ഉണ്ട്. 474 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികളും നിലവിലുണ്ട്.

(സി) പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഹോമിയോ സ്ഥാപനങ്ങൾ സ്ഥാപിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

വിദേശ മലയാളികൾക്കുള്ള ക്ഷേമപദ്ധതി

16 (*162)ശ്രീമതി എൻ.കെ. രാധ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എ. കണാരൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിദേശത്ത് ജോലിചെയ്യുന്ന മലയാളികൾക്കുവേണ്ടി എന്തെല്ലാം ക്ഷേമപദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമപദ്ധതികളുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായിവരുന്ന മൂലധനം അവരിൽനിന്നും സ്വരൂപിക്കാൻ പദ്ധതി തയ്യാറാക്കുമോ;

(സി) വിദേശ മലയാളികൾക്കുവേണ്ടി ഒരു എൻ.ആർ.ഐ. ഭവന പദ്ധതിക്ക് രൂപംനൽകാൻ സർക്കാർ ആലോചിക്കുമോ;

(ഡി) വിദേശ മലയാളികൾ മരിച്ചാൽ ജഡം സ്വദേശത്തേക്ക് സൗജന്യമായി കൊണ്ടുവരാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) ഇതിനുവേണ്ടി ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ രൂപംനൽകുമോ;

(എഫ്)വിദേശ മലയാളികളുടെ മക്കൾക്ക് സംസ്ഥാനത്തെ പ്രൊഫണൽ കോളേജുകളിൽ നിശ്ചിത ശതമാനം സീറ്റുകൾ സംവരണം ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) വിദേശത്ത് തൊഴിൽതേടിപ്പോയി തിരികെ വരാൻ കഴിയാതെ വിഷമിക്കുന്ന കേരളീയ സ്ത്രീകൾ, സ്പോൺസർമാരിൽനിന്നും രക്ഷതേടി അലയുന്നവർ എന്നിവരെ നാട്ടിലെത്തിക്കുന്നതിനും അവിടെ മരണമടയുന്ന നിർദ്ധനരായ കേരളീയരുടെ മൃതദേഹങ്ങൾ കൊണ്ടുവരുന്നതിനും ഒരു ''എമർജൻസി റിപ്പാട്രിയേഷൻ ഫണ്ടി''ന് രൂപംനൽകിക്കഴിഞ്ഞു.

സംസ്ഥാനത്തുനിന്ന് വിദേശങ്ങളിലും അന്യസംസ്ഥാനങ്ങളിലും പോയി ജോലിചെയ്യുന്ന നഴ്സുമാരുടെ സുരക്ഷയ്ക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ വിദേശ കേരളീയരെ പ്രേരിപ്പിക്കുന്നതിനായി ഒരു '' ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ടി''ന് രൂപംനൽകിവരുന്നു. വിദേശത്ത് തൊഴിലെടുക്കുന്ന കേരളീയർക്കായി ഒരു പെൻഷൻ പദ്ധതി നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസിവഴി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ ഗൾഫ് നാടുകളിലെ കേരളീരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി ഒരു ''സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് പ്രോഗ്രാം'' ഏജൻസിവഴി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

(ബി) പ്രവാസി കേരളീയർക്കായുള്ള പ്രവാസി സുരക്ഷാ സാമൂഹ്യ ക്ഷേമ പദ്ധതിയും പ്രവാസി സുരക്ഷാ കുടുംബ ആരോഗ്യ പദ്ധതിയും അവരിൽനിന്ന് പ്രീമിയം തുക സ്വീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. പെൻഷൻ പദ്ധതിയും പ്രവാസി കേരളീയരിൽനിന്നും മൂലധനം സ്വരൂപിച്ച് നടപ്പിലാക്കാൻ നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല. എന്നാൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പാക്കുന്ന ഏതാനും ഭവന നിർമ്മാണ പദ്ധതികളിൽ അവർക്കുവേണ്ടി ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കുന്നുണ്ട്.

(ഡി) ഇപ്പോൾ രൂപീകരിച്ച ''എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്'' പ്രയോജനപ്പെടുത്തി വിദേശത്ത് മരണമടയുന്ന നിർദ്ധന കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദേശ കേരളീയർക്കായി നടപ്പിലാക്കിയ പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമുള്ളവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി 50,000 രൂപ നൽകുന്നുണ്ട്. ഇതിന് ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതിക്ക് രൂപംനൽകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(എഫ്)ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കോർപ്പറേഷൻ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം

17(*163)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി സമരങ്ങളുടെ ഭാഗമായി പൊതുസ്വത്തും സർക്കാർ വാഹനങ്ങളും നശിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്വത്ത് നശിപ്പിക്കുന്നവർക്കെതിരെ പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി (പി.ഡി.പി.പി.) ആക്ട് അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് നടപടിയെടുക്കാറുണ്ടോ;

(സി) പൊതുസ്വത്ത് നശിപ്പിക്കുന്നതുമൂലം ഓരോ വർഷവും എത്ര കോടി രൂപ സർക്കാരിന് നഷ്ടപ്പെടുന്നുവെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ പൊതുസ്വത്ത് നശിപ്പിക്കുന്നവരുടെ പക്കൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ഒരു കോർപ്പറേഷൻ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണവും പ്രതികളുടെ എണ്ണവും വർഷംതിരിച്ചുള്ള കണക്കും ചുവടെ ചേർക്കുന്നു.

കാലയളവ്	കേസ്സ്	പ്രതികൾ
20.5.96 മുതൽ 3.12.96 വരെ	221	1444
1997	311	2285
1998	209	1786
1999 (30.11.99) വരെ	304	2773

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുസ്വത്ത് നശിപ്പിക്കപ്പെട്ടതുമൂലം സർക്കാരിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

കാലയളവ്	നഷ്ടം (രൂപ)
20.5.96 മുതൽ 31.12.96 വരെ	16,21,490
1997	29,80,830
1998	14,77,035
1999 (30.11.99 വരെ)	78,52,454

LIBRARY ARCHIVES Kerala Legislative Assembly